LIBRARY ARCHIVES Kerala Legislative Assembly

ശബരിമലയുടെ വികസന പദ്ധതിക്ക് വനഭൂമി

62 [2031] ശ്രീ. കെ. മോഹൻകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ വികസന പദ്ധതിക്കായി ഫോറസ്റ്റ് ഭൂമി വിട്ടു നൽകണമെന്ന ആവശ്യത്തിന്മേൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഹെക്ടർ വനഭൂമിയാണ് ദേവസ്വം ബോർഡും വാട്ടർ അതോറിറ്റിയും ആവശ്യപ്പെട്ടിരിക്കുന്നതെന്നറിയിക്കാമോ;

(സി) വനഭൂമി അനുവദിക്കുന്നതിന് കേന്ദ്ര അനുമതി ആവശ്യമാണോ;

(ഡി) പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ വികസന ആവശ്യങ്ങൾക്കായി വനഭൂമി വിട്ടുകൊടുക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) ശബരിമലയിൽ ദേവസ്വം ബോർഡിന്റെ കൈവശമിരിക്കുന്ന ഭൂമിയുൾപ്പെടെ 500 ഹെക്ടർ സ്ഥലം അനുവദിക്കുന്നതിനും ആയത് പെരിയാർ ടൈഗർ റിസർവ്വിൽ നിന്നും വേർപെടുത്തുന്നതിനും ഉത്തരവുണ്ടാകണമെന്ന് ദേവസ്വം ബോർഡ് പാർലിമെന്റിന്റെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി മുഖാന്തിരം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

(ബി) ദേവസ്വം ബോർഡ് 500 ഹെക്ടർ വനഭൂമിയും, വാട്ടർ അതോറിറ്റി 0.60 ഹെക്ടർ വനഭൂമിയും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വനഭൂമി അനുവദിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്.

(ഡി) കേന്ദ്ര ഗവണ്മെന്റ് ആണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

ഹിന്ദു ധർമ്മസ്ഥാപന വകുപ്പിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ നടത്തിപ്പ്

63 [2032] ശ്രീ. എൻ. ശക്തൻ:
,, കെ. മുഹമ്മദലി:
,, എ. പി. അനിൽകുമാർ:
,, സി. പി. മുഹമ്മദ്:
,, വർക്കല കഹാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിന്ദു ധർമ്മ സ്ഥാപന വകുപ്പിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങളുണ്ട്; ഈ വകുപ്പിൽ എത്ര ഉദ്യോഗസ്ഥന്മാരുണ്ട്;

(ബി) ഇപ്പോൾ ഹിന്ദു സ്ഥാപന കമ്മീഷണറുടെ കർത്തവ്യം നിർവ്വഹിക്കുന്നതാരാണ്;

(സി) സസ്പെൻഷനിലുള്ളവരൊഴിച്ചുള്ള ജീവനക്കാരെക്കൊണ്ട് ഈ വകുപ്പിന്റെ പ്രവർത്തനം സുഗമമായി നടത്തുവാൻ കഴിയുന്നുണ്ടോ എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിന് കീഴിൽ 1311 ക്ഷേത്രങ്ങളും ഈ വകുപ്പിൻ കീഴിൽ 128 ജീവനക്കാരുമാണുള്ളത്.

(ബി) ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ് കമ്മീഷണറുടെ കർത്തവ്യം ഇപ്പോൾ നിർവ്വഹിക്കുന്നത് മലപ്പുറം ജില്ലാ കളക്ടറാണ്.

(സി) സസ്പെൻഷനിലുള്ളവരൊഴിച്ചുള്ള ജീവനക്കാരെക്കൊണ്ട് ഈ വകുപ്പിന്റെ പ്രവർത്തനം നടത്തുവാൻ കഴിയുന്നുണ്ട്.

ത്രിവിക്രമമംഗലം ക്ഷേത്രത്തിലെ മുൻ ക്ഷേത്രോപദേശക സമിതി നടത്തിയ ക്രമക്കേടുകൾ

64 [2033] ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വത്തിന്റെ കീഴിൽ തിരുവനന്തപുരം ഗ്രൂപ്പിൽപ്പെട്ട ത്രിവിക്രമമംഗലം ക്ഷേത്രത്തിന്റെ മുൻ ക്ഷേത്രോപദേശക സമിതി നടത്തിയ ക്രമക്കേടുകളെക്കുറിച്ച് ദേവസ്വം ബോർഡിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയതിൽ മുൻ ഉപദേശക സമിതി ചട്ടങ്ങൾ ലംഘിച്ച് പണപ്പിരിവ് നടത്തിയതായും വിശ്വാസ വഞ്ചനയും സാമ്പത്തിക ദുർവിനിയോഗവും നടത്തിയതായും തെളിഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര രൂപയുടെ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതായാണ് കണ്ടുപിടിച്ചത്;

(ഇ) ക്രമക്കേടുകൾ വഴി വെട്ടിപ്പുനടത്തിയ തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത സമിതിയുടെ കാലത്ത് ക്ഷേത്ര മുഖമണ്ഡപം ഗ്രാനൈറ്റ് ഇടുന്നതിനായി രാമലിംഗ അയ്യർ എന്ന ഭക്തൻ നൽകിയ പതിനായിരം രൂപയുടെ സംഭാവന സ്വീകരിക്കുകയും പ്രവൃത്തി ചെയ്യാതിരിക്കുകയും ചെയ്തിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly